# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 31.05.2025**

### പ്രധാനവാർത്തകൾ

1.) സംസ്ഥാനത്ത് വരും ദിവസങ്ങളിലും കനത്ത മഴ തുടരുമെന്ന് കാലാവസ്ഥ വകുപ്പ്. വ്യാപക മഴക്കെടുതികൾ. നദികളിൽ പ്രളയ മുന്നറിയിപ്പ്.

2.) നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.

3.) കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ മേയ് മാസത്തെ റേഷൻ വിതരണം ജൂൺ 4 വരെ നീട്ടിയതായി ഭക്ഷ്യ മന്ത്രി ജി ആർ അനിൽ.

4.) തീരത്തടിഞ്ഞ കണ്ടെയ്നറുകളിൽ 6 എണ്ണം കൊല്ലം പോർട്ടിൽ എത്തിച്ചു. കടൽവെള്ളം പരിശോധിക്കാനുള്ള നടപടികൾ ആരംഭിച്ചു.

5.) ഐപിഎൽ ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ മുംബൈ ഇന്ത്യൻസ് - പഞ്ചാബ് കിംഗ്സിനെ നാളെ നേരിടും.

********************

RNU TVPM

## മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിലും കനത്ത മഴ തുടരുമെന്ന് കാലാവസ്ഥ വകുപ്പ്. ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

********************

## പ്രളയ മുന്നറിയിപ്പ്

അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നതിനെ തുടർന്ന് സംസ്ഥാനത്തെ വിവിധ നദികളിൽ പ്രളയ സാധ്യത മുന്നറിയിപ്പ് നൽകി. പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, മണിമല, കാസർഗോഡ് ജില്ലയിലെ ഉപ്പള, നീലേശ്വരം, മൊഗ്രാൽ, ഷിറിയ എന്നീ നദികളിൽ ഓറഞ്ച് ജാഗ്രത നിലനിൽക്കുന്നു. യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

RNUTVPM

********************

## കൃഷിനാശം

രണ്ടു ദിവസമായി തിരുവനന്തപുരം ജില്ലയിൽ പെയ്ത കനത്ത മഴയിൽ പലയിടത്തും കൃഷിനാശം റിപ്പോർട്ട് ചെയ്തു. പെരുങ്കടവിള അതിയന്നൂർ , വാമനപുരം എന്നീ ബ്ലോക്കുകളിലാണ് കൃഷി നാശം ഉണ്ടായത്. ജില്ലയിൽ ഇന്നലെ മാത്രം 22.3 ലക്ഷം രൂപയുടെ കൃഷി നാശം സംഭവിച്ചതായി റിപ്പോർട്ടുണ്ട്.

********************

## പത്തനംതിട്ട -കൃഷിനാശം (ഇ ൻട്രോ)

പത്തനംതിട്ട ജില്ലയിൽ ശക്തമായ മഴയിലും കാറ്റിലും വ്യാപക നാശം. ജില്ലയിൽ ഇതുവരെ 3.27 കോടി രൂപയുടെ കൃഷി നാശമാണ് റിപ്പോർട്ട് ചെയ്തത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ.
(വോയ്സ്)

********************

## റോഷി അഗസ്റ്റിൻ

ഇടുക്കി ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിലെ സൗകര്യങ്ങൾ മന്ത്രി റോഷി അഗസ്റ്റിൻ
വിലയിരുത്തി. വഞ്ചികവല,മണിയറൻകുടി,കീരിത്തോട്,മുരിക്കാശ്ശേരി എന്നീ ക്യാമ്പുകളാണ് മന്ത്രി സന്ദർശിച്ചത്. ഇടുക്കി ജില്ലയിൽ കഴിഞ്ഞ ദിവസങ്ങളെ അപേക്ഷിച്ച് മഴയ്ക്ക് നേരിയ ശമനമുണ്ട്.

********************

## നിലമ്പൂർ - ഉപതെരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചരണ ചൂടിലേക്ക്.
യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് വരണാധികാരിക്ക് മുമ്പാകെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. സ്ഥാനാർത്ഥികളുടെ പ്രചാരണം മണ്ഡലത്തിൽ പുരോഗമിക്കുകയാണ്. അടുത്തമാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. 23 നാണ് വോട്ടെണ്ണൽ.

PRUTVPM

********************

## നിലമ്പൂർ - പി വി അൻവർ

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ മൽസരിക്കാനോ യുഡിഎഫിൽ ചേരാനോയില്ലെന്ന് പി.വി.അൻവർ.
ഉപതിരഞ്ഞെടുപ്പിൽ ആർക്ക് വോട്ട് ചെയ്യണമെന്ന് ജനം തീരുമാനിക്കട്ടെയെന്നും സിപി ഐ എമ്മുമായി ഒരു ചർച്ചയ്ക്കും ഇല്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതെസമയം, UDF തീരുമാനം പി വി അൻവർ അംഗീകരിക്കണമെന്നും ആരും അദ്ദേഹത്തെ അവഗണിച്ചിട്ടില്ലെന്നും കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

********************

## കണ്ടെയ്നർ

MSC ELSA 3 കപ്പൽ മുങ്ങി കൊല്ലം തീരത്തടിഞ്ഞ 44 കണ്ടെയ്നറുകളിൽ 6 എണ്ണം കൊല്ലം പോർട്ടിൽ എത്തിച്ചു. മെർക്കൻ്റയിൽ മറൈൻ വകുപ്പ് ഉദ്യോഗസ്ഥർ പോർട്ടിലെത്തി കണ്ടെയ്നറുകൾ പരിശോധിച്ചു. കണ്ടെയ്നറിലെ വസ്തുക്കൾ കാരണം കടൽവെള്ളവും, തീരവും മലിനമാകുന്നുണ്ടോ എന്നറിയാൻ കേന്ദ്ര -സംസ്ഥാന ഏജൻസികൾ പഠനം ആരംഭിച്ചു.

********************

## മോഹൻലാൽ (ഇൻട്രോ)

ആകാശവാണി തിരുവനന്തപുരം നിലയം സന്ദർശിച്ച് മലയാളത്തിൻറെ നടന വിസ്മയം മോഹൻലാൽ. തൻറെ ബാല്യകാലത്തെ റേഡിയോ ഓർമ്മകൾ ആകാശവാണിയുമായി പങ്കുവയ്ക്കുന്ന മോഹൻലാലിൻറെ വാക്കുകളിലേക്ക്...

(ഹോൾഡ് വോയ്സ്.........)

PRNUTVPM

********************

## ആരോഗ്യമന്ത്രി - പുകയില വിരു ദ്ധ ദിനം

കേരളത്തെ പുകയിലമുക്തമാക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ലോക പുകയില വിരുദ്ധ ദിന സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. ആരോഗ്യ വകുപ്പിന്റെ ആരോഗ്യം ആനന്ദം ജനകീയ കാൻസർ ക്യാമ്പയിന്റെ ഭാഗമായി കൂടി പുകയിലയ്ക്കെതിരെ പ്രചരണം നടക്കുന്നതായും ശ്രീമതി വീണാ ജോർജ്ജ് അറിയിച്ചു.

********************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" പ്രാദേശിക വാർത്തകൾക്ക് ശേഷം പ്രക്ഷേപണം ചെയ്യും.

********************

## റേഷൻ വിതരണം

കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ മേയ് മാസത്തെ റേഷൻ വിതരണം ജൂൺ 4 വരെ നീട്ടിയതായി ഭക്ഷ്യ മന്ത്രി ജി ആർ അനിൽ. റേഷൻ വിതരണം പ്രതിസന്ധിയിലാണെന്ന രീതിയിലുള്ള മാധ്യമവാർത്തകൾ തീർത്തും അടിസ്ഥാനരഹിതമാണെന്നും അദ്ദേഹം പറഞ്ഞു. മഴക്കെടുതിയും പ്രതികൂല കാലാവസ്ഥയും സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ നേരിടാൻ വകുപ്പ് പൂർണ്ണസജ്ജമാണെന്നും ശ്രീ ജി ആർ അനിൽ വ്യക്തമാക്കി.

********************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ നാളെ നടക്കുന്ന രണ്ടാം ക്വാളിഫയറിൽ മുംബൈ ഇന്ത്യൻസ് - പഞ്ചാബ് കിംസിനെ നേരിടും. ജൂൺ 3 നാണ് ഫൈനൽ.

RNUTVPM

********************

## കൊട്ടിയൂർ വൈശാഖ മഹോത്സവം (ഇൻട്രോ)

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ജൂൺ 8 മുതൽ ജൂലായ് 4 വരെയാണ് വൈശാഖോത്സവം.

വിശദാംശങ്ങളുമായി **ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.**

**(വോയ്സ്)**

********************

## ശിവകുമാർ-വിരമിക്കൽ

ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി.ശിവകുമാർ വിരമിച്ചു. 1989 ൽ തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിൽ ട്രാൻസ്മിഷൻ എക്സിക്യൂട്ടീവ് ആയി പ്രവർത്തനം ആരംഭിച്ച അദ്ദേഹം ഡൽഹി, പൂനെ, ഗോവ, ദേവികുളം, തിരുവനന്തപുരം നിലയങ്ങളിലും , തിരുവനന്തപുരം വാണിജ്യ പ്രക്ഷേപണ കേന്ദ്രത്തിലുമായി 36 വർഷം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആകാശവാണി ദേശീയ കായിക

പ്രക്ഷേപണത്തിൻറെ ടീം ലീഡറാകുന്ന ആദ്യ മലയാളി കൂടിയാണ് ശ്രീ. വി. ശിവകുമാർ.

********************

## രാജ്മോഹൻ - വിരമിക്കൽ

34 വർഷത്തെ സേവനം പൂർത്തിയാക്കി ആകാശവാണി തിരുവനന്തപുരം വാർത്താവിഭാഗം കൊച്ചി ലേഖകൻ രാജ്മോഹൻ . ആർ വിരമിച്ചു. കോഴിക്കോട് വാർത്താ വിഭാഗം മേധാവിയുടെ ചുമതലയും അദ്ദേഹം വഹിച്ചിട്ടുണ്ട്. ആകാശവാണി NSD ഡൽഹി, കൊച്ചി, കോഴിക്കോട് നിലയങ്ങളിലും ചെന്നൈ ദൂരദർശനിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

********************

## ടെൻഡർ ക്ഷണിച്ചു

RNU TVPM

കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കേരള- ലക്ഷദ്വീപ് മേഖലയിൽ കേന്ദ്ര സർക്കാരിൻറെ വിവിധ ബോധവൽക്കരണ പരിപാടികളും എക്സിബിഷനുകളും നടത്തുന്നതിന് ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് കാലാവധി. കേന്ദ്ര സർക്കാർ ജനക്ഷേമ പദ്ധതികളും പരിപാടികളും ജനങ്ങളിലേക്ക് എത്തിക്കുന്ന തരത്തിലുള്ള പരിപാടികളാണ് സംഘടിപ്പിക്കേണ്ടത്. ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി- ജൂൺ മൂന്ന്. കൂടുതൽ വിവരങ്ങൾ cbcindia.gov.in എന്ന വെബ്സൈറ്റിലും 99 95 32 35 57 എന്ന നമ്പറിലും ലഭ്യമാണ്.

********************

## വികസിത കൃഷി സങ്കൽപ്പ് അഭിയാൻ

വികസിത കൃഷി സങ്കൽപ്പ് അഭിയാൻ ക്യാമ്പയിൻ പത്തനംതിട്ട ജില്ലയിൽ തുടരുന്നു. തുമ്പമൺ, പന്തളം എന്നിവിടങ്ങളിലാണ് ഇന്ന് ക്യാമ്പയിൻ. ഇതു കൂടാതെ ഓൺലൈൻ ക്യാമ്പയിനും നടക്കും. കോന്നി, വള്ളിക്കോട്, തണ്ണിത്തോട്, മലയാലപ്പുഴ എന്നീ പ്രദേശങ്ങളിലായിരുന്നു ഇന്നലെ ക്യാമ്പയിൻ നടന്നത്. ഇന്ത്യൻ

കാർഷിക ഗവേഷണ കൗൺസിൽ, ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ പത്തനംതിട്ട എന്നിവ സംയുക്തമായാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

********************

## പ്രവേശനോത്സവം

സംസ്ഥാനത്ത് മധ്യവേനലവധിക്ക് ശേഷം സ്കൂളുകൾ തിങ്കളാഴ്ച തുറക്കും. മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ആലപ്പുഴ കലവൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യും. സംസ്ഥാന സ്കൂൾ പ്രവേശനോത്സവത്തിൻറെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണെന്ന് സംഘാടക സമിതി അറിയിച്ചു.

********************

## ഓപ്പറേഷൻ ഡിഹണ്ട്

ഓപ്പറേഷൻ ഡിഹണ്ടിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്‌പെഷ്യൽ ഡ്രൈവിൽ നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 53 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു.

********************

********************

**********

RNU TVPM